സർക്കാർ വാഹനങ്ങൾ

6 [1521] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിവിധവകുപ്പുകളുടെ ഉപയോഗത്തിന് നിലവിൽ എത്ര വാഹനങ്ങൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ വാഹനങ്ങൾ സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) ഇന്ധനം, അറ്റകുറ്റപ്പണികൾ, ഡ്രൈവർമാരുടെ ശമ്പളം എന്നീ ഇനങ്ങളിൽ പ്രതിവർഷം ചെലവാകുന്ന തുക എത്രയാണ്?

ഉത്തരം

(എ) മുതൽ (സി) വരെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

കൊച്ചി വിമാനത്താവള സംഘത്തിന്റെ ഡയറക്ടർ ബോർഡ്

7 [1522] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വിമാനത്താവള സംഘത്തിന്റെ ഡയറക്ടർ ബോർഡിൽ പ്രതിപക്ഷ നേതാവിനെ ഡയറക്ടർ ബോർഡ് അംഗമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഷെയർ ഹോൾഡേഴ്സിന്റെ നിവേദനം ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ;

(ബി) എന്നാണ് നിവേദനം കിട്ടിയത്; ആരാണ് നൽകിയത്;

(സി) ഉണ്ടെങ്കിൽ പ്രതിപക്ഷ നേതാവിനെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) പ്രതിപക്ഷ നേതാവിനെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തണമെന്ന് കേരള ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) സർക്കാരിൽ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) നിർദ്ദേശം നൽകിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly